(ബി) ഇപ്പോൾ പ്രസ്തുത ബോർഡുകൾ ഹിന്ദു വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാത്തപക്ഷം അതിനുള്ള നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകൾ ഹിന്ദു വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകളൊന്നും നൽകുന്നില്ല. ഇക്കാര്യം തൽക്കാലം പരിഗണനയിലില്ല.

മാള നിയോജകമണ്ഡലത്തിലെ കാർഷിക വികസന പദ്ധതി

277 [1238] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിൽ കൃഷി വികസനത്തിന്റെ ഭാഗമായി കെ.എൽ.ഡി.സി. സമർപ്പിച്ച 37 കോടി രൂപയുടെ കാർഷിക വികസന പദ്ധതി ഗവൺമെന്റിന്റെ ബഹുദൂരം അതിവേഗം പദ്ധതിയിൽ ഉൾപ്പെടുത്തി ഈ വർഷം നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) മാള നിയോജകമണ്ഡലത്തിൽ കൃഷി അടിസ്ഥാന വികസനത്തിന്റെ ഭാഗമായി കെ.എൽ.ഡി.സി. തയ്യാറാക്കിയ കാർഷിക വികസന പദ്ധതി നബാർഡിന് സമർപ്പിച്ചിട്ടുണ്ട്. ആയത് നബാർഡിന്റെ പരിശോധനയിലാണ്.

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് തടസ്സങ്ങളൊന്നും ഇല്ല. നബാർഡിന്റെ അനുമതി ലഭിച്ചാലുടൻ പദ്ധതി നടപ്പിലാക്കുന്നതാണ്.

മാള-ചാൽ വികസന പദ്ധതി

278 [1253] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിൽ കാർഷിക വികസനത്തിന് മണ്ണ് സംരക്ഷണ വകുപ്പ് വഴി സമർപ്പിച്ചിരുന്ന 75 ലക്ഷം രൂപയുടെ മാള-ചാൽ വികസന പദ്ധതിയുടെ നിർവ്വഹണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതി ഗവൺമെന്റിന്റെ ബഹുദൂരം അതിവേഗം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പുവർഷം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) മാള നിയോജകമണ്ഡലത്തിലെ 308 ഹെക്ടർ പ്രദേശത്ത് നടപ്പാക്കുവാനുള്ള ഒരു പദ്ധതി ആർ.ഐ.ഡി.എഫ്. XI-ൽ ഉൾപ്പെടുത്തി നബാർഡിന്റെ പരിഗണനയ്ക്കായി അയച്ചുകൊടുത്തിട്ടുണ്ട്.

കുഴൂർ മണ്ഡലത്തിൽ ഹാച്ചറി യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ

279 [1263] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിലെ കുഴൂർ പഞ്ചായത്തിൽ കുഴൂരിൽ പൗൾട്രി ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ കീഴിൽ ഹാച്ചറി യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ;

(ബി) പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം എന്ന് തുടങ്ങുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) ഗവൺമെന്റിന്റെ ബഹുദൂരം അതിവേഗം പദ്ധതിയിൽ ഉൾപ്പെടുത്തി അടിയന്തിരമായി ഈ യൂണിറ്റ് പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മാള നിയോജകമണ്ഡലത്തിലെ കുഴൂർ പഞ്ചായത്തിൽ കുഴൂരിൽ കെ.എസ്.പി.ഡി.സി. ഒരു ഹാച്ചറിയും ഫാമും നിർമ്മിക്കുവാൻ വേണ്ടിയുള്ള ഒരു പ്രോജക്ട് കേന്ദ്ര ഗവൺമെന്റിനു സമർപ്പിച്ചിട്ടുണ്ട്.

(ബി) & (സി) കേന്ദ്ര ഗവൺമെന്റിൽ നിന്നും അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് സർക്കാരിന്റെ ബഹുദൂരം അതിവേഗം പദ്ധതിയിൽ ഉൾപ്പെടുത്തി അടിയന്തിരമായി ഈ യൂണിറ്റ് പ്രവർത്തിപ്പിക്കുവാൻ സാധിക്കും.

കൂത്താളി കൃഷി ഫാമിന്റെ വികസനം

280 [1264] *ശ്രീ. ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്താളി കൃഷി ഫാമിന്റെ വികസനത്തിനായി സർക്കാർ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly